**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2281** **27-10-2026-ൽ മറുപടിയ്ക്ക്**

**നിർമ്മിതബുദ്ധി അധിഷ്ഠിത സംവിധാനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. രാജൻ

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ഭരണകാര്യക്ഷമത വർധിപ്പിക്കുന്നതിനും സർക്കാർ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനസൗഹൃദമായും ലഭ്യമാക്കുന്നതിനുമായി നിർമ്മിതബുദ്ധി അധിഷ്ഠിത സംവിധാനങ്ങൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. സർക്കാരിന്റെ ഭരണകാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും പൊതുസേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും നിർമ്മിതബുദ്ധി (AI) അധിഷ്ഠിത സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്.

- ഇതിന്റെ ഭാഗമായി കെ-എഐ (K-AI), വിദ്യഎഐ (VidyAI) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ വിവിധ വകുപ്പുകളിൽ നടപ്പിലാക്കിവരുന്നു.
- ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും, സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുമായി വാട്സാപ്പ് (WhatsApp) ഉൾപ്പെടെയുള്ള ജനപ്രിയ പ്ലാറ്റ്ഫോമുകളുമായി സംയോജിപ്പിച്ചുള്ള ഗവൺമെന്റ് സേവന സംരംഭങ്ങൾ കേരളത്തിൽ സജീവമാണ്.

**(ബി)** നിർമ്മിതബുദ്ധിയുടെ സുരക്ഷിതവും സുതാര്യവും ഉത്തരവാദിത്തപരവുമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സ്വകാര്യത, വിവരസുരക്ഷ, ധാർമ്മികത, ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന നയപരമായ സമീപനം മുൻ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** നിർമ്മിതബുദ്ധി (AI) ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളുടെ സുരക്ഷിതവും ഉത്തരവാദിത്തപരവുമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി വിവരസുരക്ഷ, സ്വകാര്യത, ധാർമ്മികത എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

- കേരളത്തിൽ AI-യുടെ ഉത്തരവാദിത്തപരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ സംവിധാനങ്ങളിൽ AI അധിഷ്ഠിത പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുമായി Kerala Artificial Intelligence (K-AI) Programme നടപ്പിലാക്കിവരുന്നു. സർക്കാർ വകുപ്പുകൾ തിരിച്ചറിയുന്ന യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് AI പരിഹാരങ്ങൾ കണ്ടെത്തുക, സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക സ്ഥാപനങ്ങൾക്കും അവസരങ്ങൾ നൽകുക, സാങ്കേതിക വിലയിരുത്തലിലൂടെയും Proof of

Concept (PoC) മുഖേനയും പരിഹാരങ്ങളുടെ പ്രായോഗികത പരിശോധിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

- കൂടാതെ, VidyAI പദ്ധതിയിലൂടെ സർക്കാർ ജീവനക്കാർക്ക് AI ഉപകരണങ്ങൾ സർക്കാർ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകിവരുന്നു. സർക്കാർ രേഖകൾ തയ്യാറാക്കൽ, അവതരണങ്ങൾ, ഡാറ്റാ വിശകലനം, Prompt Engineering തുടങ്ങിയ മേഖലകളിൽ സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ AI സാങ്കേതികവിദ്യകളോടൊപ്പം പ്രവർത്തിക്കുന്നതിനും മാറുന്ന തൊഴിൽ സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നതിന ആവശ്യമായ ശേഷി വികസിപ്പിക്കാൻ സഹായിക്കുന്നു.

**(സി)** ഇതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയ മാതൃകകളും നിയമവ്യവസ്ഥകളും അടിസ്ഥാനമാക്കി, ഈ മേഖലയിലെ പുതിയ മാറ്റങ്ങളും മുന്നേറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എ.ഐ. നയത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിർമ്മിത ബുദ്ധിയുടെ സുരക്ഷിതവും സുതാര്യവും ഉത്തരവാദിത്തപരവുമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സ്വകാര്യത, വിവരസുരക്ഷ, ധാർമ്മികത, ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന നയപരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയ മാതൃകകളും നിയമവ്യവസ്ഥകളും അടിസ്ഥാനമാക്കി, ഈ മേഖലയിലെ പുതിയ മാറ്റങ്ങളും മുന്നേറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എ.ഐ നയത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** നിർമ്മിതബുദ്ധി അധിഷ്ഠിത വിവരശേഖരണ സംവിധാനങ്ങൾ, ചാറ്റ്ബോട്ടുകൾ, ഡാറ്റാ വിശകലന സംവിധാനങ്ങൾ, പ്രവചനാധിഷ്ഠിത ആസൂത്രണ സംവിധാനങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന പ്രധാന പദ്ധതികളാണ് കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് :

**ഡാറ്റ സയൻസ് & പ്രവചനങ്ങൾ:** ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ വെള്ളപ്പൊക്ക നിരീക്ഷണത്തിനായി കെ-ഐഒടി (K-IoT) സംവിധാനവും, കൃത്യമായ കാലാവസ്ഥാ പ്രവചന സംവിധാനങ്ങളും നടപ്പിലാക്കുന്നു. കൂടാതെ ഭരണപരമായ തീരുമാനങ്ങൾക്കായി സി.എം.ഒ ഡാഷ്ബോർഡ് (CMO Dashboard) സജീവമാക്കിയിട്ടുണ്ട് .

**സൈബർ സുരക്ഷ & അടിസ്ഥാന സൗകര്യം :** ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയിൽ (DUK) ജി.പി.യു സർവ്വറും, ഇന്ത്യഎഐ മിഷന്റെ കീഴിൽ ജി.പി.യു കമ്പ്യൂട്ട് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൈബർ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി SOC (SIEM, SOAR, UEBA, XDR) സംവിധാനങ്ങളും, ഏകീകൃത വെബ് അപ്ലിക്കേഷൻ ഫയർവാളും (Unified WAF), 'സേഫ് ടെക്' (SafeTech Campaign) ക്യാമ്പെയ്നും സർക്കാർ നടപ്പിലാക്കിവരുന്നു.

**ചാറ്റ്ബോട്ടുകളും സേവനങ്ങളും:** പൊതുജനങ്ങൾക്ക് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സഹായിക്കുന്ന വിവിധ ചാറ്റ്ബോട്ട് സംവിധാനങ്ങളും സേവന ഇന്റഗ്രേഷനുകളും നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ